പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2764 27.01.2014 -ലെ മറുപടിക്ക്.

കൺസ്ട്രക്ഷൻ അക്കാദമിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനും

| ചോദ്യം<br>ശ്രീ. പി. കെ. ഗുരുദാസൻ : | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൺസ്ട്രക്ഷൻ അക്കാഡമിക്ക് വേണ്ടി ചാത്തന്നൂരിൽ വാങ്ങിയ സ്ഥലത്ത് തൊഴിൽ വകുപ്പ് എന്ത് പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) കൺസ്ട്രക്ഷൻ അക്കാദമിക്കു വേണ്ടി ചാത്തന്നൂരിൽ വാങ്ങിയ സ്ഥലത്ത് നിർമ്മാണ മേഖലയിലെയും, അനുബന്ധ മേഖലകളിലെയും വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കനുസൃതമായി ആധുനിക പരിശീലനം ലഭ്യമാക്കുന്ന ഒരു അക്കാദമി സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) കൺസ്ട്രക്ഷൻ അക്കാഡമിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുമോ ; | (ബി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിനു കീഴിൽ ചാത്തന്നൂരിൽ തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥാപനമാണ് കൺസ്ട്രക്ഷൻ അക്കാദമി. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിനു കീഴിലാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിൽ എന്തെല്ലാം കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ; എന്നത്തേയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കുമെന്നറിയിക്കുമോ ? | (സി) കൺസ്ട്രക്ഷൻ മേഖലയിൽ തൊഴിലാളികൾക്കും പ്രൊഫഷണലുകൾക്കും ആവശ്യമായ വിദഗ്ധ തൊഴിൽ പരിശീലനം നല്കി പ്രത്യേക വൈദഗ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളേയും വാർത്തെടുത്ത് ആവശ്യാനുസരണം സംഭാവന ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടി കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ. ആയതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.<br><br>സെക്ഷൻ ഓഫീസർ |